# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6038

## (02.04.2018 ലെ മറുപടിക്ക്)

## <u>ഗ്രാമീണ റോഡുകൾ പരിഷ്കരിക്കാൻ നടപടി</u>

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം. രാജഗോപാലൻ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ പ്രധാന ഗ്രാമീണ റോഡുകൾ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ? ജനങ്ങൾ വർഷങ്ങളായി ഉപയോഗിച്ച വരുന്ന ഈ റോഡുകൾ ഒറ്റത്തവണയെങ്കിലും പരിഷ്കരിക്കാൻ ബജറ്റിൽ ഫണ്ട് അനുവദിച്ച് ഉത്തരവാകുമോ? എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | ഗ്രാമീണ റോഡുകളുടെ ഒറ്റതത്തവണ നവീകരണത്തിന് നടപ്പ സാമ്പത്തിക വർഷത്തിൽ 3054-04-196-39-ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഒറ്റത്തവണ സഹായം , 3054-04-198-39 ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഒറ്റത്തവണ സഹായം എന്നീ ശീർഷകങ്ങളിൽ ടോക്കൺപ്രൊവിഷനാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 15.05.2017-ലെ സ.ഉ. (സാധാ) നം. 4082/2017/ധന ഉത്തരവ് പ്രകാരം 3054-04-198-39 (NPV) എന്ന ശീർഷകത്തിൽ 225 കോടിയും 3054-04-196-39 (NPV) എന്ന ശീർഷകത്തിൽ 75 കോടിയും ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് അധിക ധനാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ബില്ല് സെറ്റിൽ ചെയ്യുന്നതിലേക്കായി 3054-04-198-39 (NPV) ശീർഷകത്തിൽ നിന്ന് 223.98 കോടി രൂപയും 3054-04-196-39 (NPV) ശീർഷകത്തിൽ നിന്ന് 74.73 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ ഗ്രാമീണ റോഡുകളുടെ ഒറ്റതവണ നവീകരണവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് ഫയലുകൾ ധനവകുപ്പിലില്ല. |

സെക്ഷൻ ഓഫീസർ